നം. ദേ.പെ.പ / 6784 / 2014

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 31-10-2014

**സർക്കുലർ നമ്പർ 92 / 2014**

വിഷയം: പ്രാൺ അപേക്ഷ സ്വീകരിക്കുന്നത് ആഴ്ചയിൽ ഒരുദിവസമാക്കുന്നത് - സംബന്ധിച്ച്

സൂചന: 08-10-14-ന് സ്റ്റേറ്റ് നോഡൽ ഓഫീസർതലത്തിൽ നടന്ന യോഗം

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ 7 ദിവസത്തിനകം ജില്ലാട്രഷറിയിലെത്തി ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണമെന്നാണ് നിലവിലുള്ള ഉത്തരവ്. ജില്ലാ ട്രഷറി ഓഫീസർ ടൂറിംഗ് ഓഫീസറായതിനാൽ അപേക്ഷകർക്ക് പലപ്പോഴും ഒന്നിലേറെ തവണ ട്രഷറിയിൽ എത്തേണ്ടതായി വരുന്നു. ഇത് പദ്ധതിയുടെ പ്രവർത്തനത്തിനു തടസ്സം സൃഷ്ടിക്കുന്നതായി കാണുന്നു. ആയതിനാൽ എൻ.പി.എസ്സിന്റെ ഭംഗിയായ നടത്തിപ്പിനായി അപേക്ഷകർക്കും ജില്ലാ ട്രഷറി ഓഫീസർക്കും സൗകര്യപ്രദമായ ഒരു ദിവസം നിശ്ചയിച്ച് ക്രമീകരിക്കേണ്ടത് അനിവാര്യമായി കാണുന്നു. ഈ പശ്ചാത്തലത്തിൽ താഴെക്കാണിച്ചിരിക്കുന്ന നിർദ്ദേശം വീഴ്ചകൂടാതെ പാലിക്കാൻ ജില്ലാ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നു.

ദേശീയ പെൻഷൻ പദ്ധതി അംഗത്വ അപേക്ഷകൾ ബുധനാഴ്ചകളിൽ മാത്രം സ്വീകരിക്കേണ്ടതാണ്. ബുധനാഴ്ച അവധിയെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അപേക്ഷ കൈകാര്യം ചെയ്ത് തീർപ്പാക്കേണ്ടതാണ്. പ്രസ്തുത ദിവസം ജില്ലാ ട്രഷറി ഓഫീസർമാർ മറ്റു ഔദ്യോഗിക യാത്രകൾ ഒഴിവാക്കി ആഫീസിലുണ്ടാകേണ്ടതാണ്. യാതൊരു കാരണവശാലും അപേക്ഷകൻ ഒന്നിലധികം തവണ ഇക്കാര്യത്തിനായി ട്രഷറിയിൽ വരാനുള്ള സാഹചര്യം ഉണ്ടാകാതെ ജില്ലാ ട്രഷറി ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷകരുടെ അറിവിലേക്കായി ഈ വിവരം നോട്ടിസ് ബോർഡിലൂടെയും ഉചിതമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരസ്യപ്പെടുത്തേണ്ടതാണ്.

ട്രഷറി ഡയറക്ടർ

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും

a